**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം
ജഗതി, തിരുവനന്തപുരം
**Email Id:**
**dirdhse.dge@kerala.gov.in**
ഫോൺ നമ്പർ :**0471 2580756**

**നം. HSE/5592/2025-Ad B2** **തീയതി : 01-07-2025**

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം – ജീവനക്കാര്യം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർ സെക്കൻഡറി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ തസ്തികമാറ്റ നിയമനം – അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. **16/04/2001** തീയതിയിലെ ജി.ഒ (പി) **144/2001** /പൊ.വി.വ നമ്പർ ഉത്തരവ്
2. **01/12/2015** ലെ സ.ഉ (കൈ) നം. **296/2015** /പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. **26/08/2016** ലെ സ.ഉ (പി) **144/2016**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4. **30/01/2021** ലെ സ.ഉ (അച്ചടി) നം. **2/2021** /പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. **01/07/2023** തീയതിയിലെ സ.ഉ (പി) **8/2023** /പൊ.വി.വ നമ്പർ ഉത്തരവ്
6. **10/03/2025** സ.ഉ (അച്ചടി) നം. **10/2025**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
7. **07/05/2025** തീയതിയിലെ ജെഎ **2/132/2025** – പൊ.വി.വ നമ്പർ സർക്കാർ കത്ത്

കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപക തസ്തികയുടെ തസ്തികമാറ്റ നിയമനത്തിനായി സൂചന (1) പ്രകാരം സംവരണം ചെയ്ത **25%** തസ്തികകളിലേക്ക് എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി **70:20:5:5** എന്ന അനുപാതത്തിൽ ക്വോട്ട നിശ്ചയിച്ചുകൊണ്ടും **01/01/2016** മുതലുള്ള ടി നിയമനങ്ങൾ പി.എസ്.സി മുഖേന നികത്തുന്നതിനും സൂചന **(2), (3)** പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പി.എസ്.സി മുഖേന ടി നിയമനങ്ങൾ നികത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ **01/01/2016** മുതൽ **28/12/2020** വരെയുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ തസ്തികമാറ്റ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നികത്തുന്നതിന് സൂചന **(4)** പ്രകാരം ഉത്തരവായിരുന്നു. ആയതുപ്രകാരം ടി ഒഴിവുകൾ നികത്തി **11/08/2022** തീയതിയിൽ ഉത്തരവായിരുന്നു. സൂചന **(5)** പ്രകാരം **29/12/2020** മുതലുള്ള തസ്തികമാറ്റ നിയമനങ്ങൾ പി.എസ്.സി. മുഖേന നികത്തുന്നതിനും ടി ഉത്തരവിന് **01/01/2016** മുതൽ പ്രാബല്യം നൽകികൊണ്ടും ചട്ട ഭേദഗതി നിലവിൽ വന്നിരുന്നു.

**2.** എന്നാൽ ചട്ട ഭേദഗതി നിയമനങ്ങൾ നടത്തുന്നതിന് ചില തടസങ്ങൾ ഉണ്ട് എന്ന് പി.എസ്.സി സർക്കാരിനെ അറിയിക്കുകയും ടി ചട്ട ഭേദഗതിയിൽ വീണ്ടും ഭേദഗതി നിർദ്ദേശിച്ചതിനാൽ ടി ഭേദഗതി പ്രകാരമുള്ള നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിൽ നിലവിൽ തടസ്സങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വരികയും കൂടാതെ ഇത് സംബന്ധിച്ച് ലഭ്യമായ നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ ഒഴിവുകൾ അവരുടെ ഫീഡർ കാറ്റഗറിയിലെ സീനിയോരിറ്റി അടിസ്ഥാനമാക്കി തന്നെ നികത്താമെന്നു സർക്കാർ തത്വത്തിൽ തീരുമാനമെടുക്കുകയും അതിനു ബഹു. കേരള നിയമസഭാ സമിതി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ ഹയർ സെക്കൻഡറി അധ്യാപക നിയമനങ്ങൾ കാല താമസം

കൂടാതെ നടത്തുന്നതിനായി പി.എസ്.സി നിർദ്ദേശിച്ചത് പ്രകാരം ഉള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ ബഹു. നിയമ സഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 28/12/2020 വരെ നടത്തിയ തസ്തികമാറ്റ നിയമനങ്ങളിലെ എൻ.ജെ.ഡി ഒഴിവുകൾ നികത്തുന്നതിനും അതിനു തുടർച്ചയായി സീനിയോരിറ്റി അടിസ്ഥാനത്തിൽ 28/12/2020 നു ശേഷമുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും തസ്തികമാറ്റ നിയമനത്തിനും യോഗ്യരായവർ ഇല്ലാത്തപക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാനും സൂചന (6) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവായിട്ടുണ്ട്.

3. സൂചന (7) പ്രകാരം 29/12/2020 മുതൽ 10/03/2025 വരെയുള്ള ഒഴിവുകളിലേയ്ക്ക് നിലവിൽ നിയമനം നൽകി അവസാനിപ്പിച്ച കാറ്റഗറിയുടെ തുടർച്ചയായിട്ട് റൊട്ടേഷൻ തുടരുവാനും അപ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് നിയമനം നൽകുവാനും നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

**4 . ആയതിനാൽ സൂചന (6), (7) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 29/12/2020 മുതൽ 10/03/2025 വരെ ഉണ്ടായ തസ്തികമാറ്റ നിയമനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ ഒഴിവുകളിലേക്ക് ഗവ. സ്കൂളുകളിലെ യോഗ്യരായവരും താല്പര്യമുള്ളവരുമായ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ അധ്യാപകരിൽ നിന്നും പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും, ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റുമാരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു.**

5. സൂചന (1) ലെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസിൽ

നിഷ്കർഷിച്ച പ്രകാരം 10/03/2025 നുള്ളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയവർക്കും, ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തവർക്കും (മിനിസ്റ്റീരിയൽ സ്റ്റാഫിന് എൻട്രി കേഡറിൽ) മാത്രമേ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, ലാബ് അസിസ്റ്റന്റ് തസ്തികകളിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർ ഒഴിവുകൾ ഉണ്ടായ കാലയളവിനുള്ളിൽ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കേണ്ടതാണ്.

6. അപേക്ഷകർ ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ് വെയറിൽ ഓൺലൈൻ മുഖേന മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- അധ്യാപകർ www.hscap.kerala.gov.in എന്ന site ൽ login ചെയ്യുക. ഓപ്പൺ ആകുന്ന വിന്റോയിൽ BY TRANSFER – Icon click ചെയ്യുക. Application registration click ചെയ്ത ശേഷം ആവശ്യമായ വിവരങ്ങൾ enter ചെയ്യുക.
- Enter ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിലേക്ക് വരുന്ന OTP enter ചെയ്യുക. പുതിയ പാസ് വേർഡ് നൽകി ലോഗിൻ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്. ഒരു മൊബൈൽ നമ്പറിൽ നിന്ന് ഒരു Application മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ലഭിക്കുന്ന Application number കൃത്യമായും രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.
- ചോദ്യങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പിന്നീടുള്ള തിരുത്തലുകൾ സാധ്യമല്ല.
- അപേക്ഷയുടെ പ്രിന്റ് ഒട്ട് കോപ്പികളിൽ അപേക്ഷകന്റെ കൺട്രോളിംഗ് ഓഫീസർ (HM/AEO/DEO/RDD/Senior AO) അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയത് സർട്ടിഫിക്കറ്റ് പരിശോധന വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാനുള്ള രേഖകൾ

1. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ **(PG, B.Ed, SET/Special Rules** - ൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യത)

2. **Post Graduate Mark list (Not less than 50%) SC/ST, Physically handicapped, Visually handicapped ആയിട്ടുള്ള അപേക്ഷകർക്ക് പി.ജി യ്ക്ക് 45% മാർക്ക് മതിയാകും. (As per GO (MS) No. 288/15/G.EDN Dated : 13/11/2015)**

3. കേരളത്തിനു പുറത്തുനിന്നുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ യോഗ്യതകളാണെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ **Equivalency Certificate**

4. കറസ്പോണ്ടൻസ് വഴിയാണ് വിദ്യാഭ്യാസ യോഗ്യത നേടിയതെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ **Equivalency Certificate.**

5. **Service Certificate** (മാതൃക ഉള്ളടക്കം ചെയ്യുന്നു) പൂരിപ്പിച്ച് **HM/AEO/DEO/RDD/Senior AO)** അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത്.

6. ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഓർഡർ. (മിനിസ്റ്റീരിയൽ ജീവനക്കാർ എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തിയാക്കിയ ഉത്തരവ്)

7. പി.എസ്.സി അഡ്വൈസ് ഓർഡർ

8. ഡി.ഡി. (എഡ്യൂക്കേഷൻ)/ഡി.ഇ.ഒ നൽകിയ നിയമന ഉത്തരവ്

9. **IGNOU B.Ed** നേടിയവർ രണ്ട് വർഷത്തെ അധ്യാപക പരിചയത്തിന് ശേഷമാണ് ബി.എഡ് എടുത്തത് എന്ന കൺട്രോളിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

10. ഭാഷാ വിഷയങ്ങളിൽ **Part time, Full time benefit** വിഭാഗത്തിൽ

തുടരുന്ന അധ്യാപകർ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.

11. **SET Exemption** ലഭിക്കുന്നതിനായി എച്ച്.എസ്.എ യിൽ **10** വർഷം സർവ്വീസ് ഉള്ളതിന്റെ സാക്ഷ്യപത്രം (**HM** സാക്ഷ്യപ്പെടുത്തിയത്).

7. മുകളിൽ പറഞ്ഞ അനുബന്ധരേഖകൾ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഹാജരാക്കാത്ത പക്ഷവും, അപേക്ഷയിൽ എന്തെങ്കിലും തെറ്റായ വിവരം നൽകി സീനിയോരിറ്റി ലിസ്റ്റിൽ ഇടം നേടിയിട്ടുണ്ടെന്ന് പിന്നീട് കണ്ടെത്തിയാലും ടി അപേക്ഷകരെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

8. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള **Certificate** ന്റെ **genuineness** പരിശോധിക്കുന്നതും ആയതിൽ അപാകതകൾ ഉണ്ടെന്ന് കണ്ടെത്തുന്നപക്ഷം അത്തരം അപേക്ഷകളും നിയമനങ്ങളും റദ്ദ് ചെയ്യുന്നതാണ്.

9. എച്ച്.എസ്.എ, യു.പി.എസ്.എ യിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ നിലവിൽ എച്ച്.എസ്.എ, യു.പി.എസ്.എ കാറ്റഗറിയിൽ ജോലി ചെയ്ത് വരുന്ന അധ്യാപകർ അവരുടെ പഴയ കാറ്റഗറിയിലെ ലീൻ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. നിലവിലെ തസ്തികയിൽ നിന്ന് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**<u>വിഷയങ്ങളും 29/12/2020 മുതൽ 10/03/2025 വരെ തസ്തികമാറ്റ നിയമനത്തിന് ലഭ്യമായ ഒഴിവുകളും</u>**

**<u>By Transfer Appointment from HSA, UPSA/LPSA, Ministerial Staff (HSE Wing) Lab Assistant (HSE Wing))</u>**

**<u>Vacancies from 29/12/2020 to 10/03/2025</u>**

| SUBJECT | NO OF VACANCIES |
|---|---|
| Botany | 21 |
| Sociology | 5 |
| Mathematics | 28 |
| Commerce | 20 |

| | |
|---|---|
| **Geography** | **2** |
| **Zoology** | **28** |
| **Computer Science** | **13** |
| **Hindi** | **40** |
| **Arabic** | **13** |
| **Tamil** | **1** |
| **History** | **12** |
| **Political Science** | **17** |
| **Economics** | **60** |
| **Statistics** | **2** |
| **Malayalam** | **12** |
| **Sanskrit** | **5** |

***എച്ച്.എസ്.എസ്.റ്റി ജൂനിയർ കെമിസ്ട്രി തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലവിൽ ഉള്ളതിനാൽ ടി കേസിന്റെ അന്തിമ വിധിക്കനുസരിച്ച് പ്രസ്തുത വിഷയത്തിലെ ഒഴിവ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.***

ഓൺലൈൻ മുഖേന തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **15/07/2025, 5.00 PM** സമയപരിധി ദീർഘിപ്പിക്കുന്നതല്ല. സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ മാത്രം അസ്സൽ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**Website : www.hscap.kerala.gov.in**

Signed by
Shanavas S
Date: 01-07-2025 14:41:53

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**GOVERNMENT OF KERALA**

**DIRECTORATE OF GENERAL EDUCATION (HIGHER SECONDARY WING)**

# BY TYRANSFER APPLICATION SERVICE CERTIFICATE

| | |
|---|---|
| Name of applicant | |
| PEN | |
| Date of Birth | |
| Present post | |
| Date of joining to present post | |
| Date of probation declared in present post | |
| Probation order No and Date | |
| Teacher with inter district transfer * | |

| | |
|---|---|
| Date of joining in present district* | |
| Whether probation declared in present district* | |
| Date of probation* | |
| Probation order No and Date* | |
| PSC Advice/Appointment Order No | |
| PSC Advice/Appointment Order Date | |
| PSC Advice/ Appointment Order Sl No | |
| Whether taken LWA during probation | |
| LWA rejoin date | |

***Note:* * is applicable only for Teachers with Inter District Transfer**

## DECLARATION

Certified that, the details furnished by ……………………………..(Name of Applicant)who is working as………………………………………………(Designation) in this office have been verified by me with the service particulars as given in the Service Book of the applicant and found correct. His / Her Application for By Transfer is recommended.

*Place:…………….* *Dated Signature of Head of Institution*

*Date:……………..*

Office Seal Name and Designation Seal